**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4430** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 16 പട്ടികജാതി കോളനികളും 7 പട്ടികവർഗ്ഗ കോളനികളും ഉണ്ട് |
| (ബി) | പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തൊക്കെ പ്രവൃത്തികളാണ് നടത്തിവരുന്നതെന്നും അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദീകരിക്കുമോ; | (ബി) | മണ്ണഞ്ചേരി പഞ്ചായത്തിലെ വരകാടി പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പുനരുദ്ധാരണം (25 എണ്ണം), കോൺക്രീറ്റ് റോഡ് നിർമ്മാണം (1), സോളാർ സ്ട്രീറ്റ് ലൈറ്റ് (37) എണ്ണം എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 10 വീടുകളുടെ പുനരുദ്ധാരണം, 19 സ്ട്രീറ്റ് ലൈറ്റ് എന്നിവയുടെ പ്രവർത്തികൾ ഉടനെ പൂർത്തിയാക്കുന്നതാണ്. ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ അംബേദ്കർ ഗ്രാമം പട്ടികജാതി കോളനിയിൽ റോഡ് (നടവഴി) കോൺക്രീറ്റിംഗ് നഗരസഭയുടെ പദ്ധതി പ്രകാരം ചെയ്തിട്ടുണ്ട്. നെൽപ്പാടത്തോട് ചേർന്ന് കിടക്കുന്നതിനാൽ ഒരു ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ഭവന നിർമ്മാണം, ഭവനപുനരുദ്ധാരണം, പിച്ചിംഗ്, വീടിന് ചുറ്റുമതിൽ എന്നീ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ പഠന മുറികളും സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഇനിയും നവീകരിക്കേണ്ട കോളനികളിൽ പുതുതായി എന്തൊക്കെ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (സി) | നവീകരണ പ്രവൃത്തികൾ ആവശ്യമായ പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ മാനദണ്ഡങ്ങൾ പാലിച്ച് ആവശ്യമായ നിർമ്മാണ പ്രവർത്തികൾ മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ